(ബി) മൂന്നാറിലെ ടീകൗണ്ടിൽ 24 പുതിയ മുറികൾ നിർമ്മിച്ചു; കോവളത്തെ സമുദ്ര ഹോട്ടൽ നവീകരിച്ചു. മസ്ക്കറ്റ് ഹോട്ടലിലെ പഴയ കെട്ടിടത്തെ ഹെറിറ്റേജ് ബ്ലോക്കായി നവീകരിച്ചു. യാത്രീ നിവാസുകൾ നവീകരിച്ച് ടാമറിന്റ് എന്ന പേരിൽ റീബ്രാന്റ് ചെയ്തിട്ടുണ്ട്.

(സി) ബേക്കലിൽ ഒരു ബീച്ച് ക്യാമ്പ്, മുഴിപ്പിലങ്ങാടിയിൽ ഒരു ബീച്ച് റിസോർട്ട് എന്നിവ തുടങ്ങുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(ഡി) ചെന്നൈ കേരള ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്; ഇതിന്റെ ഔപചാരികമായ ഉദ്ഘാടനം 13-02-2011-ന് നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ട്.

(ഇ) കൊച്ചിയിലെ മറീന പദ്ധതിയായ കൊച്ചി ഇന്റർനാഷണൽ മറീനയും അതിനോട് ചേർന്നുള്ള മറീന ഹൗസ് എന്ന ഹോട്ടലും 2010 ഏപ്രിൽ മാസം 24-ാം തീയതി ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ചു. വിദേശ രാജ്യങ്ങളിൽ നിന്നും പായ്ക്കപ്പലുകളിൽ/യാട്ടുകളിൽ കൊച്ചിയിലെത്തുന്ന സാഹസികരായ നാവികർക്ക് വിശ്രമിക്കുന്നതിനുള്ള ഹോട്ടലും, യാട്ടുകൾ സുഗമവും സുരക്ഷിതവുമായി നങ്കൂരമിട്ട് കിടക്കുന്നതിനുള്ള സൗകര്യങ്ങളുമാണ് മറീനയിൽ സജ്ജമാക്കിയിരിക്കുന്നത്. ഈ പദ്ധതിമൂലം അന്താരാഷ്ട്ര നാവിക ടൂറിസ്റ്റുകൾ കേരളത്തിലേക്ക് ആകർഷിക്കപ്പെടുന്നു.

(എഫ്) ടൂറിസം വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സർക്കാർ ഗസ്റ്റ് ഹൗസുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് കാലാകാലങ്ങളിൽ ഗസ്റ്റ്ഹൗസുകളിൽ അറ്റകുറ്റ പണികൾ പൊതുമരാമത്ത് വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖാന്തരവും നടപ്പിലാക്കി വരുന്നു. കൊല്ലം ഗസ്റ്റ്ഹൗസിന്റെ നവീകരണപ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. കൂടാതെ കണ്ണൂർ, സുൽത്താൻബത്തേരി ഗസ്റ്റ് ഹൗസുകളിൽ അഡീഷണൽ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. കാസർഗോഡ് ഗസ്റ്റ്ഹൗസിന്റെ അഡീഷണൽ ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ 2011-12 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

ടൂറിസം മേഖലയുടെ പുരോഗതി

92(299) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം വ്യവസായ രംഗത്ത് കഴിഞ്ഞ 5 വർഷ കാലയളവിൽ ഉണ്ടായ പുരോഗതികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ബി) 2006 മുതൽ 2010 വരെ സംസ്ഥാനത്ത് എത്ര വിദേശ-സ്വദേശ ടൂറിസ്റ്റുകൾ വന്നുവെന്നും ആയിനത്തിൽ സർക്കാരിന് എന്തു തുക വരുമാനം ലഭിച്ചുവെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കേരളം സന്ദർശിക്കുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ കുറവ് വന്നിട്ടുണ്ടോ ; എങ്കിൽ അതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ ;

(ഡി) സാമ്പത്തികമാന്ദ്യം മൂലം ടൂറിസം രംഗത്ത് പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) ടൂറിസം മേഖലയിൽ എന്തെല്ലാം പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ 5 വർഷക്കാലയളവിനിടയിൽ അടിസ്ഥാന സൗകര്യ വികസനത്തിന് കൂടുതൽ ശ്രദ്ധപതിപ്പിച്ച് തിരഞ്ഞെടുക്കപ്പെട്ട ഡെസ്റ്റിനേഷനുകൾ പുതിയ പദ്ധതികൾക്ക് തുടക്കമിട്ടുകൊണ്ടും നൂതന ടൂറിസം വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ചും ബഹുമുഖ വികസന പ്രവർത്തനങ്ങളാണ് നടന്നത്. ഇതനുസരിച്ച് കേരളം സന്ദർശിക്കുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിലും കഴിഞ്ഞകാലങ്ങളിൽ ഗണ്യമായ പുരോഗതി ഉണ്ടായിട്ടുണ്ട്. നിരവധി ദേശീയ അന്തർദേശീയ പുരസ്കാരങ്ങളും കേരളാ ടൂറിസം നേടിയിട്ടുണ്ട്. ടൂറിസത്തിൽ നിന്നുള്ള വരുമാനവും തൊഴിലവസരങ്ങളും ഈ കാലയളവിൽ ഗണ്യമായി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ 5 വർഷക്കാലയളവിൽ കേന്ദ്ര സഹായം ഗണ്യമായി നേടിയെടുക്കാനും ടൂറിസം കേന്ദ്രങ്ങളുടെ വികസനം, ഉത്സവങ്ങളുടേയും മേളങ്ങളുടേയും നടത്തിപ്പ്, ഗ്രാമീണ ടൂറിസം എന്നിവയ്ക്കായി വിനിയോഗിക്കുവാനും കഴിഞ്ഞിട്ടുണ്ട്. വിപണന രംഗത്തും ഈ കാലയലവിൽ കേരളാടൂറിസം വൃപുലമായ പരിപാടികൾ ആവിഷ്കരിച്ച നടപ്പിലാക്കിയിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ ഫലപ്രദമായി ഉപയോഗിച്ചു കൊണ്ടുള്ള നിരവധി പരസ്യപ്രചാരണങ്ങൾ വകുപ്പ് ഈ കാലയളവിൽ നടത്തുകയുണ്ടായി. ട്രാവൽ ബ്ലോക്ക്, മൊബൈൽ വാപ്സൈറ്റ്, ഓൺലൈൻ ഹോട്ടൽ ഫൈൻഡർ, ഓൺലൈൻ റിസർവേഷൻ, സീഫോമുകളുടെ സബ്മിഷൻ ഓൺലൈൻ ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ എന്നിവ ഇവയിൽ പ്രധാനപ്പെട്ടതാണ്. കൂടാതെ ടൂറിസം മേഖലയിൽ പ്രതിവർഷം 1200 കോടി (ആയിരത്തി ഇരുന്നൂറുകോടി)- യോളം രൂപയുടെ നിക്ഷേപം ഈ കാലയളവിൽ ഉണ്ടാക്കിയിട്ടുണ്ട്. പൈതൃക സംരക്ഷണ പദ്ധതികൾ, എന്റെ ഗ്രാമം ടൂറിസം, സൗഹൃദ ഗ്രാമം, സഫാരി എന്നീ പദ്ധതികളും കഴിഞ്ഞകാലയളവിൽ നടപ്പിലാക്കി. ടൂറിസം അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി നിരവധി പദ്ധതികളാണ് ഈ കാലയളവിൽ നടപ്പിലാക്കിയത്. മലബാറിലെ 20 പ്രധാനപ്പെട്ട റോഡുകളുടെ വികസനത്തിനും ഈ കാലയളവിൽ പ്രത്യേക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. മാനവശേഷി വികസനത്തിനായി 'ലെറ്റ്സ് ലേൺ' എന്ന ഒരു ട്രെയിനിംഗ് പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. അനധികൃത മസാജ് പാർലറുകൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ, ടൂറിസം കേന്ദ്രങ്ങളിൽ കുട്ടികളെ ചൂഷണം ചെയ്യുന്നതിനെതിരെയുള്ള നടപടികൾ, ടൂറിസ്റ്റുകളുടെ സുരക്ഷ ഉറപ്പുവരുത്താൻ വിവിധ ക്രമീകരണങ്ങൾ എന്നിവയും കഴിഞ്ഞ 5 വർഷക്കാലമായി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2006 മുതൽ 2009 വരെ സംസ്ഥാനത്ത് എത്തിയ വിദേശ-സ്വദേശ ടൂറിസ്റ്റുകളെ സംബന്ധിക്കുന്ന സ്ഥിതിവിവരകണക്കുകൾ താഴെ പറയുന്ന പ്രകാരമാണ്. 2010 വർഷം കേരളം സന്ദർശിച്ച സഞ്ചാരികളുടെ എണ്ണം സംബന്ധിക്കുന്ന വിവരങ്ങളുടെ ശേഖരണവും ക്രോഡീകരണവും പൂർത്തീകരിച്ചിട്ടില്ല.

വർഷം	വിദേശ സഞ്ചാരികളുടെ എണ്ണം	ആഭ്യന്തര സഞ്ചാരികളുടെ എണ്ണം	വരുമാനം കോടി രൂപയിൽ
2006	428534	6271724	9126.00
2007	515808	6642941	11433.00
2008	598929	7591250	13130.00
2009	557258	7913537	13231.00

(സി) കേരളം സന്ദർശിച്ച വിദേശ ടൂറിസ്റ്റുകളുടെ എണ്ണത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 2009 വർഷം കുറവുണ്ടായി. ആഗോള സാമ്പത്തിക മാന്ദ്യം ഇതിനുള്ള പ്രധാന കാരണങ്ങളിലൊന്നായി വിലയിരുത്തപ്പെടുന്നു.

(ഡി) ആഗോള സാമ്പത്തികമാന്ദ്യം കേരളത്തിലെ ടൂറിസം രംഗത്തും നേരിയ പ്രത്യാഘാതം സൃഷ്ടിച്ചിട്ടുണ്ട്. ഇതനുസരിച്ച് ആഗോള സാമ്പത്തിക മാന്ദ്യം അനുഭവപ്പെട്ട 2009-ൽ മുൻ വർഷത്തേക്കാൾ കേരളത്തിൽ വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ നേരിയ കുറവുണ്ടായി. ഇത് പരിഹരിക്കുന്നതിനു വേണ്ടി പ്രത്യേക വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്.

(ഇ) ടൂറിസം രംഗത്ത് പുതുതായി താഴെ പറയുന്ന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. 36 ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിച്ചു.
2. കൊടുങ്ങല്ലൂർ ആസ്ഥാനമാക്കി മ്യൂസിരിസ് പൈതൃക പദ്ധതി
3. ഫാം ടൂറിസത്തിന്റെ സാദ്ധ്യതകൾ വിനിയോഗിക്കുന്നതിന് ഗ്രീൻ ഫാം ടൂറിസം പദ്ധതി
4. മാനവശേഷി വികസനത്തിനായി ലെറ്റ്സ് ലേൺ ട്രെയിംഗ് പ്രോഗ്രാം
5. പാതിരാമണൽ ബയോപാർക്ക് വികസനം
6. സപര്യ പദ്ധതി
7. തലശ്ശേരി കേന്ദ്രമാക്കി പൈതൃക പദ്ധതി
8. മൂന്നാർ ടൗൺ ഷിപ്പ്
9. ആലപ്പുഴയിലും വയനാടും മെഗാ ടൂറിസം പ്രോജക്ടുകൾ

LIBRARY ARCHIVES Kerala Legislative Assembly

10. DMC -കൾ രൂപീകരിക്കുന്ന പദ്ധതികൾ MP/MPA ഫണ്ടുകൾക്ക് അനുസൃതമായ ധനസഹായം

11. ടൂറിസ്റ്റുകളുടെ വരവ് സംബന്ധിച്ച് ഇ സബ്മിഷൻ

12. ഓൺ ലൈൻ ടൂർ ഓപ്പറേറ്റർ അക്രഡിറ്റേഷൻ

13. സി ഫോമുകളുടെ ഓൺ ലൈൻസബ്മിഷൻ

14. ഓൺ ലൈൻ റൂം റിസർവേഷൻ

15. കേരളം കാണാം പദ്ധതി

16. രാജധാനി എക്സ്പ്രസ് ബ്രാന്റിംഗ്

17. പുതിയ കൊമേഴ്സ്യൽ ഫിലിമിന്റെ നിർമ്മാണം

18 .കൊച്ചി മറീന പദ്ധതി

19. ബേക്കൽ ബീച്ച് കൃാമ്പ് പദ്ധതി

20. മുഴപ്പിലങ്ങാട് ബീച്ച് റിസോർട്ട്സ് പദ്ധതി

21. ബേക്കൽ എയർസ്ട്രിപ് പദ്ധതി.

ടൂറിസം വികസനത്തിന് കേന്ദ്ര സഹായം

93(301) ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ടൂറിസം വികസനത്തിനായി കേന്ദ്ര സർക്കാരിൽനിന്നും സഹായം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ പദ്ധതികൾക്കാണ് എന്ന് വ്യക്തമാക്കുമോ ;

(സി) ഇതിൻപ്രകാരം എറണാകുളം ജില്ലയിൽ ഏതെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ ;

(ഡി) ടൂറിസം പദ്ധതികളുടെ വിസനത്തിനായി നബാർഡിൽനിന്ന് സഹായം ലഭിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര തുക വീതമെന്ന് വിശദമാക്കുമോ :

(എഫ്) ഇത്തരം സഹായം ലഭിച്ചിട്ടുള്ള പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly